## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 22 — 09.03.2015-ലെ മറുപടിക്ക്

### പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം 2 വർഷത്തിനകം എത്ര കോടി രൂപ ചിലവഴിച്ചിട്ടുണ്ടെന്നും കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം എത്ര കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് ശിപാർശ ചെയ്തിട്ടുള്ളതെന്നും ഇതിന്റെ എത്ര ശതമാനമാണ് ജില്ലയിൽ ഈ വർഷങ്ങളിൽ നടപ്പിലാക്കിയതെന്നും വ്യക്തമാക്കുമോ? | (എ) കാസർഗോഡ് ജില്ലയിൽ പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം 2 വർഷത്തിനകം 5.74 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം ആകെ 11123.07 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ശിപാർശ ചെയ്തിട്ടുള്ളത്. ആയതിന്റെ 0.05 ശതമാനമാണ് ജില്ലയിൽ വികസന പ്രവർത്തനങ്ങൾക്കായി ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. 2014-15 വർഷത്തേയ്ക്ക് പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ വിവിധ പദ്ധതികൾക്കായി 75കോടിരൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്.2014-15 - ലെ ചെലവ് 75 കോടി രൂപയിൽ അധികരിക്കരുത് എന്ന വ്യവസ്ഥയോടെ 99.38 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതിയും നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ